# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/246/2017 2017 നവംബർ 22

## പത്രക്കുറിപ്പ്

### എം.ജി. വിദ്യാർത്ഥി അദാലത്തിലേക്ക് 645 അപേക്ഷകൾ; പരാതികൾ ഓൺലൈനായും ഓഫ് ലൈനായും 25 വരെ സമർപ്പിക്കാം

മഹാത്മാഗാന്ധി സർവ്വകലാശാലാ വിദ്യാർത്ഥികളുടെ വിവിധ പരാതികൾ ഉടൻ തീർപ്പാക്കുന്നതിനായി ഡിസംബർ 4, 6, 8 തീയതികളിൽ നടത്തുന്ന വിദ്യാർത്ഥി അദാലത്തിലേക്ക് വിവിധ വിഷയങ്ങളിലായി ഇതുവരെ 645 പരാതികൾ ലഭിച്ചു. www.mgu.ac.in എന്ന വെബ്സൈറ്റിലെ സ്റ്റുഡന്റ് ഗ്രീവൻസ് പോർട്ടലിലൂടെ ഓൺലൈനായും, ഡെപ്യൂട്ടി രജിസ്ട്രാർ (പ്ലാനിംഗ്), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ നേരിട്ടും നവംബർ 25 വരെ വിദ്യാർത്ഥികൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പഠിച്ച കോഴ്സ്, രജിസ്റ്റർ നമ്പർ, വർഷം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തണം. അഡ്മിഷൻ, വിവിധ സർട്ടിഫിക്കറ്റുകൾ, പരീക്ഷാഫലം, പുനർമൂല്യനിർണ്ണയം, ഗ്രേസ് മാർക്ക്, ഹാജർ കണ്ടൊണേഷൻ, സ്കോളർഷിപ്പ്, ഇന്റേണൽ പുനഃപരീക്ഷ, അന്തർ സർവ്വകലാശാലാ/കോളേജ് തല മാറ്റം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള പരാതി സമർപ്പിക്കാവുന്നതാണ്. ബി.ടെക്/ബി.ആർക് വിദ്യാർത്ഥികളുടെ പരാതികൾ ഡിസംബർ 4നും നിയമം, നേഴ്സിംഗ്, പാരാമെഡിക്കൽ, നവീന കോഴ്സുകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ ഡിസംബർ 6നും സി.ബി.സി.എസ്.എസ്. യു.ജി./പി.ജി. (റഗുലർ/പ്രൈവറ്റ്), ഗവേഷണം എന്നിവ സംബന്ധിച്ച പരാതികൾ ഡിസംബർ 8നും പരിഗണിക്കുന്നതാണ്. വിദ്യാർത്ഥിക്കോ പ്രതിനിധിക്കോ അതാത് ദിവസം രാവിലെ 10 മുതൽ 1 വരെയും, ഉച്ച കഴിഞ്ഞ് 2 മുതൽ 5 വരെയും അദാലത്ത് സമിതിക്ക് മുൻപിൽ നേരിട്ട് ഹാജരായി പരാതികൾ വിശദീകരിക്കാം.

### പരീക്ഷാഫലം

2017 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് നോൺ സി.എസ്.എസ്. റഗുലർ (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 1 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ബയോ കെമിസ്ട്രി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 5 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ - ന്യായ, വേദാന്ത, വ്യാകരണ, സാഹിത്യ (സി.എസ്.എസ്. റഗുലർ) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 1 വരെ അപേക്ഷിക്കാം. സംസ്കൃതം സ്പെഷ്യൽ വേദാന്ത വിഷയത്തിൽ കാലടി ശ്രീശങ്കര കോളേജിലെ മീനു രഘു, തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജിലെ ശ്രീലക്ഷ്മി പി., കാലടി ശ്രീ ശങ്കര കോളേജിലെ ദിവ്യ തങ്കപ്പൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും, തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജിലെ ആർ. ഗായത്രി വ്യാകരണ വിഷയത്തിലും, കെ.ജി. തുഷാര സാഹിത്യവിഷയത്തിലും ഒന്നാം സ്ഥാനം നേടി.

2017 ഫെബ്രുവരി മാസത്തിൽ നടത്തിയ എം.എ. മലയാളം, പൊളിറ്റിക്സ് (നോൺ സി.എസ്.എസ്.) മേഴ്സി ചാൻസ്/സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 4 വരെ അപേക്ഷിക്കാം.

2017 ജൂലൈ മാസം സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ടി.ടി.എം. റഗുലർ, ഇംപ്രൂവ്മെന്റ്, റീ അപ്പിയറൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ഒക്ടോബറിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ 2017 ജൂലൈ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഹിസ്റ്ററി, ആന്ത്രപ്പോളജി റഗുലർ/ഇംപ്രൂവ്മെന്റ് (സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2016 സെപ്തംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ദ്വിവത്സര എം.എഡ്. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ജനുവരിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ നടത്തിയ അഞ്ചും ഏഴും സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർ ഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. സുവോളജി (സപ്ലിമെന്ററി, ബെറ്റർമെന്റ്, മേഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 7 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ ലേണിംഗ് ഡിസെബിലിറ്റി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ അപേക്ഷിക്കാം.

## പ്രഭാഷണം

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിന്റെ ആഭിമുഖ്യത്തിൽ 'ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണ ബിൽ 2016' എന്ന വിഷയത്തിൽ പ്രമുഖ സാമൂഹിക പ്രവർത്തകയും സഹോദരി ഫൗണ്ടേഷൻ സ്ഥാപകയുമായ ഡോ. കൽക്കി സുബ്രഹ്മണ്യം ഇന്ന് (നവംബർ 23) രാവിലെ 10.30ന് സ്കൂൾ ഓഫ് ഇന്റർനാണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഓഡിറ്റോറിയത്തിൽ വച്ച് പ്രഭാഷണം നടത്തും. ഫൗണ്ടേഷൻ പ്രവർത്തകരുടെ ട്രാൻസ്ജെൻഡർ ജീവിതാനുഭവങ്ങളെക്കുറിച്ചുള്ള അവതരണങ്ങളും പൊതു ചർച്ചയും ഉണ്ടായിരിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**